## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1451** **18.01.2021-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. എസ്. ശിവകുമാർ** | | **ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് കടൽ സുരക്ഷ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ സാറ്റലൈറ്റ് ഫോൺ, നാവിക് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ മറൈൻ ആംബുലൻസുകളുടെ സേവനം എവിടെയൊക്കെയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | ഓഖി പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തി കടലിൽ അകപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 18.24 കോടി രൂപ ചെലവിട്ട് 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേന നിർമ്മിക്കുന്നതിന് ധാരണയാകുകയും ആയതിൽ |

| | | |
|---|---|---|
| | | ആദ്യത്തെ ആംബുലൻസായ പ്രതീക്ഷ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ

### 1) മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ അനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. യാനത്തിന്റെ നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യഘട്ടമായി ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2018-19 -ൽ 647 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. 2019 - 20 സാമ്പത്തിക വർഷം 4 കോടി രൂപയുടെ അനുമതി നൽകുകയും 857 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം മുതൽ ഹള്ളിനും, എഞ്ചിനും കൂടി ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തി വരുന്നു. നടപ്പ് വർഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരികയാണ്. പദ്ധതിയ്ക്കായി 2020-21 വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### 2) സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

2018-19 കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 556 ജിപി എസുകളും 1132 ലൈഫ്ബോയെകളും വിതരണം ചെയ്തിട്ടുണ്ട്. 2019-20 പദ്ധതിയിൽ GPS, DAT, VHF Marine radio എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ 75 % സബ്സിഡിയോടുകൂടി 1500 എണ്ണം വീതം നൽകുന്നതിന് 9 കോടി രൂപ വകയിരുത്തുകയും നടപടിക്രമം പാലിച്ച് ടി ഉപകരണങ്ങളുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 750 മെക്കനൈസ്ഡ് യാനങ്ങളിൽ Vessel Monitoring System 50% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 40% സബ്സിഡിയോടെ 200 എഫ് ആർ പി മത്സ്യബന്ധന യൂണിറ്റുകളും വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. അതോടൊപ്പം PMMSY പദ്ധതിയിലുൾപ്പെടുത്തി 10 വീതം മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

### 3) ഓഖി പുനരധിവാസ പദ്ധതികൾ

മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ നാവിക് ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് അനുമതി നൽകി. ആദ്യഘട്ടമായി 5000 എണ്ണം വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും 941 എണ്ണം വിതരണം ചെയ്യുകയും ചെയ്തു. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000

## അനുബന്ധം - 2

### 1) നാവിക് ഉപകരണങ്ങളുടെ വിതരണം.

കടൽത്തീരത്ത് നിന്ന് 1500 കിലോമീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. 15.93 കോടി രൂപ പദ്ധതിയ്ക്കായി അനുവദിച്ചു. ആദ്യഘട്ടമായി 1550 നാവിക് ഉപകരണങ്ങൾ കെൽട്രോൺ നിർമ്മിച്ച് നൽകി. ഇതിൽ ഗുണഭോക്തൃവിഹിതമായി നിശ്ചയിച്ച 1500/- രൂപ അടച്ച 941 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തു. നിലവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, സൈക്ലോൺ, അന്താരാഷ്ട്ര അതിർത്തികൾ മറികടക്കുന്നത് സംബന്ധിച്ച സൂചനകൾ എന്നിവ നാവിക് ഉപകരണത്തിൽ ലഭ്യമാണ്.

### 2) സാറ്റലൈറ്റ് ഫോൺ വിതരണം

ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് വാർത്താ വിനിമയം സാധ്യമാക്കുന്നതിന് ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതിയ്ക്കായി 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടപ്പിലാക്കുകയും ആദ്യ ഘട്ടമായി 240 സാറ്റലൈറ്റ് ഫോണുകൾ 2.25 കോടി രൂപ ചെലവിൽ വാങ്ങുകയുമുണ്ടായി. ഇതുവരെ ഗുണഭോക്തൃ വിഹിതം അടച്ച 194 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ

മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും 194 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 എഫ് ആർ പി ബോട്ടുകൾ ഉൾപ്പെടുന്ന ഫിഷിംഗ് യൂണിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുകയും ഇവർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓഖി പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തി കടലിൽ അകപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡ് മുഖേന നിർമ്മിക്കുന്നതിന് ധാരണയാകുകയും ആയതിൽ ആദ്യത്തെ ആംബുലൻസ് 'പ്രതീക്ഷ' 27 ആഗസ്റ്റ് 2020- ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ